# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

## വിജ്ഞാപനം

നമ്പർ: 143/2015/സം.തി.ക. തീയതി, തിരുവനന്തപുരം 2015 ഒക്ടോബർ 05

2015 -ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിനായി, സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകളിൽ കൊച്ചി, തൃശ്ശൂർ, കണ്ണൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിലെ മേയർ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തുകൊണ്ട് 01.10.2015 - ലെ 124/2015/സം.തി.ക. നമ്പർ ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനപ്രകാരം മേയർ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഡെപ്യൂട്ടി മേയർ സ്ഥാനങ്ങൾ 1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 11-ാം വകുപ്പ് (1എ)-ാം ഉപവകുപ്പ് പ്രകാരം സ്ത്രീകൾക്കായി സംവരണം ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

**കെ. ശശിധരൻനായർ**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം - 33.